പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1375</u>

<u>13.12.2012-ൽ മറുപടിയ്ക്ക്</u>

## <u>കൈനകരി -കുപ്പപ്പുറം പി.എച്ച്.സി. റോഡ്</u>

| <u>ചോദ്യം</u><br>ശ്രീ.തോമസ് ചാണ്ടി | | <u>ഉത്തരം</u><br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|---|
| (എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. 16-ൽ ഉൾപ്പെട്ട കൈനകരി -കുപ്പപ്പുറം പി.എച്ച്.സി. റോഡ് പണിയുടെ പൂർത്തീകരണത്തിന് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കമോ ; | (എ) | ഈ പണി മൂന്ന് പ്രാവശ്യം ടെൻഡർ ചെയ്തിരുന്നു. ആദ്യത്തെ പ്രാവശ്യം ഗവൺമെന്റ് അംഗീകരിച്ച റേറ്റിൽ കരാറുകാരൻ പണി ഏറ്റെടുക്കാൻ തയ്യാറായില്ല. രണ്ടാമത്തെ പ്രാവശ്യം കരാറുകാരൻ ഉയർന്ന റേറ്റിൽ കുറവു വരുത്താൻ തയ്യാറാകാത്തതു കാരണം റീ ടെൻഡർ ചെയ്തു. എന്നാൽ ഈ റീ ടെൻഡറിൽ പങ്കെടുത്തവർ യോഗ്യത നേടിയിട്ടില്ല. ആയതിനാൽ റീ ടെൻഡർ ചെയ്യേണ്ടതുണ്ട്. എന്നാൽ പുതിയ റേറ്റ് റിവിഷൻ നിലവിൽ വന്നതിനാൽ പരിഷ്കരിച്ച സാങ്കേതികാനുമതി നൽകി ഉടൻതന്നെ റീ ടെൻഡർ നടപടി തുടങ്ങുന്നതാണ്. |
| (ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന് നബാർഡ് നിശ്ചയിച്ചിരിക്കുന്ന കാലാവധി എന്ന് വരെ ; വ്യക്തമാക്കുമോ ; | (ബി) | പ്രസ്തുത റോഡ് നിർമ്മാണത്തിന് നബാർഡ് നിശ്ചയിച്ചിരിക്കുന്ന കാലാവധി 07.01.13 വരെയാണ്. |

(സി) റീ ടെൻഡർ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

(സി) 2012 SOR പ്രകാരം സാങ്കേതികാനുമതി നൽകി ഉടൻ തന്നെ ടെൻഡർ നടപടി ആരംഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ